# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## പറവൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്


## ജില്ലാ ഓഡിറ്റ് കാര്യാലയം

## എറണാകുളം-682030

## ഇ-മെയിൽ: doekm.ksad@kerala.gov.in

## ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.-ഇ.കെ.എം(ബി.പി.)924/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 21/08/2024
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറവൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.-ഇ.കെ.എം(ബി.പി.)924/24 തീയ്യതി: 21/08/2024

# എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/

പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ് നായർ | ജോയിന്റ് ഡയറക്ടർ- ഇൻ ചാർജ്ജ് | 12-06-2024 | 19-06-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-06-2024 | 19-06-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രവീൺ ഷേണായി ജെ, ഓഡിറ്റ് ഓഫീസർ

സജീവ്.എൻ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ

ഷൈനി.പി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ

ടിനു.കെ.ജെ, ഓഡിറ്റർ

ഹരീഷ് പി.ആർ, ഓഡിറ്റർ

# (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിംന സന്തോഷ് | പ്രസിഡന്റ് | 01-04-2023 | 30-01-2024 |
| കമല സദാനന്ദൻ | പ്രസിഡന്റ് | 31-01-2024 | 31-03-2024 |
| ശ്രീമതി പ്രതീക്ഷ.പി.വി | സെക്രട്ടറി | 01-04-2023 | 31-03-2024 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശശി മേനോൻ | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി ജാസ്മിൻമോൾ ടി.കെ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി മൊനാജിത എ.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ.സുനിൽകുമാർ എം.ബി. | ക്ഷീരവികസന ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. സീന | മെഡിക്കൽ ഓഫിസർ,സി.എച്ച്.സി. മൂത്തകുന്നം | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി മിനി ദാമോദരൻ | ശിശുവികസന പദ്ധതി ഓഫിസർ | 01-04-2023 | 31-03-2024 |
| ശ്രീ.ആഷ്‌വെൽ ജെയിംസ് | വ്യവസായ വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി സേതുലക്ഷ്മി കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2023 | 26-04-2023 |
| ശ്രീമതി.ദിവ്യ.എസ് | പട്ടികജാതി വികസന ഓഫീസർ | 27-04-2023 | 31-03-2024 |
| ഡോ.പ്രീതി ബി. | മെഡിക്കൽ ഓഫീസർ. സി.എച്ച്.സി. ഏഴിക്കര മെഡിക്കൽ ഓഫീസർ, ഏഴിക്കര. | 01-04-2023 | 18-06-2023 |
| ഡോ.മനോജ് | മെഡിക്കൽ ഓഫീസർ. സി.എച്ച്.സി. ഏഴിക്കര മെഡിക്കൽ ഓഫീസർ, ഏഴിക്കര. | 21-06-2023 | 03-07-2023 |
| ഡോ.വിനോദ് പൗലോസ് | മെഡിക്കൽ ഓഫീസർ. സി.എച്ച്.സി. ഏഴിക്കര | 04-07-2023 | 31-03-2024 |

| | | | |
|---|---|---|---|
| | മെഡിക്കൽ ഓഫീസർ, ഏഴിക്കര. | | |
| ഡോ. മഞ്ജു | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ഏഴിക്കര, മെഡിക്കൽ ഓഫീസർ, ഏഴിക്കര | 19-06-2023 | 20-06-2023 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത | 1-1-2 |
| 4 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | വികസന ഫണ്ട് (ജനറൽ) ഫണ്ട് വരവ് വാർഷിക ധനകാര്യ പത്രികയും ACR ഉം പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | വാർഷികധനകാര്യപത്രിക | 1-3 |
| 8 | സാമ്പത്തിക വിശകലനം | 1-4 |
| 9 | ഫണ്ട് വിനിയോഗം | 1-5 |
| 10 | പദ്ധതി അവലോകനം | 1-6 |
| 11 | ക്യാഷ് പരിശോധന | 1-7 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 13 | ക്ഷേമ പദ്ധതികൾ | 1-9 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-10 |

| | | |
|---|---|---|
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 16 | ഐ.കെ.എം.വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-12 |
| 17 | പച്ചക്കറി തൈകളും വളവും വിതരണം- വിതരണ രേഖകൾ ലഭ്യമാക്കിയില്ല ചെലവ് തടസ്സപ്പെടുത്തുന്നു | 1-13 |
| 18 | സർക്കാർ ഉത്തരവുകൾ പാലിക്കാതെ ലാപ്ടോപ്പുകൾ വാങ്ങി | 1-14 |
| 19 | മരുന്നുകൾ ലഭ്യമായില്ല. | 1-15 |
| 20 | ടി.എ.നൽകിയതിൽ അപാകത. | 1-16 |
| 21 | കുട്ടികൾക്കുള്ള അത്‌ലറ്റിക് പരിശീലനവും കായിക ക്ഷമതാ പരിശീലനവും ഉപകരണങ്ങൾ വാങ്ങലും അപാകതകൾ | 1-17 |
| 22 | പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിലെ അപാകതകൾ | 1-18 |
| 23 | പകൽ വീട്-വൃദ്ധസദനം നവീകരണം-അപാകതകൾ | 1-19 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1
# പൊതു അവലോകനം

## 1–1 ഓഡിറ്റ് സാക്ഷ്യപത്രം

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25.05.2024 ലെ കമ്മിറ്റി തീരുമാനം 1/1 പ്രകാരം തയ്യാറാക്കി 31.05.2024 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം</u>**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: കാക്കനാട്**

**തീയതി:** **ജോയിന്റ് ഡയറക്ടർ**

**<u>1-1-1 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല</u>**

2023-24 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികയിലെ ബി-7 ഷെഡ്യൂളിൽ 2019-20 സാമ്പത്തിക വർഷം മുതൽ നിലനിൽക്കുന്ന Suppliers Earnest Money Deposit (6,000), Auction Deposit (3,900) എന്നിവയിലെ തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല.

**<u>1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത</u>**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 23-24 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹600828.00 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹17286.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

**<u>1-1-3 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല</u>**

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതായ അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ് ) ) ഉൾക്കൊള്ളിച്ചിട്ടില്ല.

**1-1-4 വികസന ഫണ്ട് (ജനറൽ) ഫണ്ട് വരവ് വാർഷിക ധനകാര്യ പത്രികയും ACR ഉം പൊരുത്തപ്പെടുന്നില്ല.**

വാർഷിക ധനകാര്യ പത്രികയിൽ റിഡംഷൻ ആയി 35404/- രൂപ കിട്ടുവാൻ അവശേഷിക്കുന്നത് 2023-24 വർഷത്തെ കുടിശ്ശികയായി ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 ബജറ്റ്

പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റ് 14.03.2023 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 26,58,04,514 | 26,32,14,658 |
| ധനകാര്യപത്രിക പ്രകാരം | 5,35,66,055 | 5,41,66,883 |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും യഥാർത്ഥ വരവ്-ചെലവും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 വാർഷികധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2023-24 | 31.07.2024 | 31.05.2024 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,04,78,919 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,35,66,055 |

| | |
|---|---|
| ആകെ | 6,40,44,974 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,41,66,883 |
| നീക്കിയിരിപ്പ് | 98,78,091 |

## 1–5 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|---|
| 1. | വികസനഫണ്ട് (ജനറൽ) (ACR പ്രകാരം) | 0 | 2,08,30,000 | 2,08,30,000 | 18,836,413 | 0 | 1993587 |
| 2. | വികസന ഫണ്ട് (എസ്.സി.പി) (ACR പ്രകാരം) | 0 | 1,11,93,000 | 1,11,93,000 | 7,422,000 | 0 | 3771000 |
| 3. | വികസനഫണ്ട് (ടി.എസ്.പി) (ACR പ്രകാരം) | 0 | 2,99,000 | 2,99,000 | 150,000 | 0 | 1,49,000 |
| 4. | സംരക്ഷണ ഗ്രാന്റ് (റോഡിതരം) (ACR പ്രകാരം) | 0 | 66,54,600 | 66,54,600 | 66,51,363 | 0 | 3,237 |
| 5. | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) (ACR പ്രകാരം) | 4994170 | 2,587,000 | 7581170 | 5,050,970 | 2530200 | --- |

| | | | | | | | |
|---|---|---|---|---|---|---|---|
| 6. | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) (ACR പ്രകാരം) | 1036349 | 3631542 | 4667891 | 928,845 | 3739046 | --- |
| 7. | ടോട്ടൽ സാനിറ്റേഷൻ (ACR പ്രകാരം) | 1,899,534. | 51409 | 1943084 | 43550 | 1907393 | |
| 8. | ഹെൽത്ത് ഗ്രാന്റ് | 2109002 | 1374568 | 3483570 | 3238614 | 244956 | |
| 9. | സാക്ഷരത | 483 | 11 | 494 | 0 | 494 | |
| 10. | എം.കെ.എസ്.പി | 243 | 0 | 243 | 0 | 243 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 116 | 8,36,49,425 | 59 | 4,13,20,750 | 26 | 31 | 50.86% |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.06.2024 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം വരവിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ലായെന്നും നീക്കിയിരുപ്പില്ലെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-9 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-10 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം നിലവിൽ തൃപ്തികരമാണ്. ജനറൽ മിനിട്സ്, ധനകാര്യ കമ്മിറ്റി മിനുട്സ്, സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്സ്, അജണ്ട, ഹാജർ മറ്റ് രേഖകൾ എന്നിവ കൃത്യമായി പരിപാലിക്കുന്നുണ്ട്. യോഗ തീരുമാനങ്ങളും, ചർച്ചയുടെ വിവരങ്ങളും രേഖപ്പെടുത്തി കാലികമാക്കിയിട്ടുണ്ട്. ഓഡിറ്റുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട രജിസ്റ്ററുകളും ഫയലുകളും സൂക്ഷിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 16.06.22 മുതൽ 27.06.22 വരെ. | 2021-22 | 27.10.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.03.22 മുതൽ 09.03.22 വരെ | 2017-22 | 20.05.2022 |

## 1-12 ഐ.കെ.എം.വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0026/24 |
| പ്രോജക്ട് പേര് | ഐ.കെ.എം. വിഹിതം നൽകൽ |
| അടങ്കൽ | ₹45000/- |
| ചെലവ് | ₹45000/- (BRN 23110363017800148269 DATED 31/05/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഐ.കെ.എം. വിഹിതം നൽകൽ പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ആയത് ഹാജരാക്കുന്നത് വരെ ₹45000/- തടസ്സപ്പെടുത്തുന്നു.

## 1-13 പച്ചക്കറി തൈകളും വളവും വിതരണം- വിതരണ രേഖകൾ ലഭ്യമാക്കിയില്ല ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | S0046/24 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) |
| പ്രോജക്ടിന്റെ പേര് | ഞങ്ങളും കൃഷിയിലേക്ക്- സുഭിക്ഷകേരളം - പച്ചക്കറി തൈകളും വളവും വിതരണം |
| അടങ്കൽ തുക | 99902/- (92270/ - വികസന ഫണ്ട് ജനറൽ, 7632 - മറ്റുള്ളവ) |
| ചെലവ് | 92269/- (വികസന ഫണ്ട് ജനറൽ) |
| ബിൽ നം./തീയതി | 380/27.02.24 |

"ഞങ്ങളും കൃഷിയിലേക്ക്- സുഭിക്ഷകേരളം - പച്ചക്കറി തൈകളും വളവും വിതരണം" എന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കോട്ടുവള്ളി, ഏഴിക്കര, ചിറ്റാറ്റുകര, വടക്കേക്കര, ചേന്ദമംഗലം എന്നീ അഞ്ച് ഗ്രാമപഞ്ചായത്തുകളിലെ പച്ചക്കറി കൃഷി ചെയ്യാൻ താൽപര്യമുള്ള ഗ്രൂപ്പുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സൗജന്യമായി പച്ചക്കറി തൈകൾ വിതരണം ചെയ്ത് ഉത്പാദനം വർദ്ധിപ്പിക്കുകയും 75% സബ്സിഡി നിരക്കിൽ ജൈവവളം കർഷക ഗ്രൂപ്പുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവർക്ക് ലഭ്യമാക്കുവാനുമാണ് നടപ്പിലാക്കിയത്.

ഗുണഭോക്താക്കൾക്ക് പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിനായി എംകെഎസ്പി പദ്ധതി പ്രകാരമുള്ള ജെ.എൽ.ജി ഹരിതം കൃഷി ശ്രീ സെന്ററിൽ പച്ചക്കറി തൈകൾ വാങ്ങിയിട്ടുണ്ട്. രസീത്(നം.70) പ്രകാരം 24/02/2024-ൽ 27750 എണ്ണം പച്ചക്കറിതൈകൾ വെണ്ട, വഴുതന, പച്ചമുളക്, തക്കാളി, പയർ എന്നിവ 5550 എണ്ണം വാങ്ങിയതിന് 2.50 രൂപാ / തൈ നിരക്കിൽ 69375/- രൂപ ചെലവഴിച്ചിട്ടുണ്ട്.
<u>പദ്ധതി നടത്തിപ്പിലെ അപാകതകൾ</u> താഴെ കൊടുക്കുന്നു.

1. പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾ, ഗ്രാമസഭവഴി തിരഞ്ഞെടുത്ത് അംഗീകരിച്ച കൃഷി ഗ്രൂപ്പുകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

2. വടക്കേക്കര, ചിറ്റാറ്റുകര, കോട്ടുവള്ളി ഗ്രാമ പഞ്ചായത്തുകൾ സൂക്ഷിച്ചിരിക്കുന്ന ലിസ്റ്റുകൾ പ്രകാരം യഥാക്രമം സ്കൂളുകൾക്ക് വിതരണം ചെയ്ത 3500/-, 4750/-, 4500/- തൈകളുടെ വിതരണ രേഖകൾ ഫയലിൽ ലഭ്യമാണ്. എന്നാൽ ചേന്ദമംഗലം, ഏഴിക്കര ഗ്രാമ പഞ്ചായത്തുകൾ എത്ര വീതം തൈകൾ വിതരണം ചെയ്തു എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. 12750 (3500+4750+4500) രൂപയുടെ തൈകളുടെ വിതരണ രേഖകൾ മാത്രമാണ് ലഭ്യമാക്കിയത്. 5 പഞ്ചായത്തുകൾക്കായി 27750 എണ്ണം പച്ചക്കറിതൈകൾ വാങ്ങിയതിൽ 15000 എണ്ണം പച്ചക്കറിതൈകൾ വിതരണം ചെയ്തതിന്റെ യാതൊരുവിധ രേഖകളും ഹാജരാക്കിയിട്ടില്ല .

3. ജൈവവളം കർഷക ഗ്രൂപ്പുകൾക്ക് നൽകിയപ്പോൾ ഗുണഭോക്തൃ വിഹിതം ഇനത്തിൽ ലഭിച്ച 7632/ രൂപ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

27750 എണ്ണം പച്ചക്കറിതൈകൾ വാങ്ങിയതിൽ 15000 എണ്ണം പച്ചക്കറി തൈകൾ വിതരണം ചെയ്തതിന്റെ യാതൊരുവിധ രേഖകളും ഹാജരാക്കാതിരുന്നതിനോടനുബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള (1/15.06.2024) മറുപടി ലഭ്യമാക്കിയില്ല. 2.50/-രൂപ പ്രകാരം 15000 തൈകൾക്ക് 37500/- രൂപ ചെലവു ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ ഉദ്ദേശവും കാര്യക്ഷമതയും ഉറപ്പാക്കി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്നറിയുന്നതിനുള്ള മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്നതിന് വ്യക്തതയില്ല. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു. മോണിറ്ററിംഗ് സമിതി റിപ്പോർട്ടും, ഗ്രാമപഞ്ചായത്തുകളിലെ ഗ്രൂപ്പുകൾ / വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ പച്ചക്കറിതൈകൾ കൈപ്പറ്റിയതിന്റെ രേഖകളും ഓഡിറ്റിനായി ലഭ്യമാക്കുന്നതുവരെ 15000 തൈകളുടെ വിലയായ ₹37500/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 സർക്കാർ ഉത്തരവുകൾ പാലിക്കാതെ ലാപ്ടോപ്പുകൾ വാങ്ങി

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0107/24,ആർദ്രം മൂത്തകുന്നം സി.എച്ച്.സിയിൽ ആധുനിക സൗകര്യങ്ങൾ ഒരുക്കൽ |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് റോഡിതരം - ₹350000/- |
| ചെലവ് | മെയിന്റനൻസ് ഫണ്ട് റോഡിതരം - ₹255780/- |
| ബിൽ നമ്പർ/തുക | 1) 10/26.06.2023 - ₹113188/-<br>2)55/09.01.2024 - ₹90000/- |

| | |
|---|---|
| | 3) 71/21.02.2024 – ₹18644/–<br>4)72/23.02.2024 – ₹22066/–<br>5)82/25.03.2024 – ₹5500/–<br>6)92/25.03.2024 – ₹6382/–<br>---------------------------------<br>ആകെ ₹255780/– |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി മൂത്തകുന്നം |

ഐ.ടി വകുപ്പിന്റെ 18-03-2019 ലെ സർക്കുലർ നം.ഐ.ടി സെൽ-1/26/2019/വി.സ.വ പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ മാത്രമാണ് ഐ.ടി ഉപകരണങ്ങൾ വാങ്ങേണ്ടത്. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 26-4-2019 ലെ ജി.ഒ(പി)നം.7/19/എസ്.പി.ഡി നമ്പർ ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും ₹25000/- ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും Gem മുഖേന സമാഹരിക്കേണ്ടതാണ്. സി.പി.ആർ.സി.എസിൽ നിന്നും ഉപകരണങ്ങൾ ലഭ്യമാകുവാൻ ഒരു മാസത്തിലധികം കാലതാമസം ഉണ്ടായാൽ ഡെപ്പോസിറ്റ് തുക തിരികെ ലഭ്യമാക്കി ഇവ Gem മുഖേന വാങ്ങാവുന്നതാണെന്ന് സ.ഉ(ആർ.ടി)നം.2076/2021/ത.സ്വ.ഭ.വ തീയതി 23-10-2021, സ.ഉ(ആർ.ടി)നം.482/2022/LSGD തീയതി 28-02-2022 എന്നിവ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മൂത്തകുന്നം സാമൂഹികാരോഗ്യ കേന്ദ്രം എച്ച്.എം.സി യിലേക്ക് ₹45000/- വീതം വിലയുള്ള രണ്ട് ലാപ്ടോപ്പുകൾ മേൽ സർക്കാർ ഉത്തരവുകൾ പാലിക്കാതെ ക്വട്ടേഷൻ ക്ഷണിച്ചാണ് വാങ്ങിയത്. കുറഞ്ഞ തുക ക്വാട്ട് ചെയ്ത നോർത്ത് പറവൂർ ACCESS COMPUTERS ൽ നിന്നും രണ്ട് ലാപ്ടോപ്പുകൾക്ക് (SPEC - HP-Intel Core I3-12th Gen - W11-8GB RAM-512 SSD) ആകെ ₹90000/- നൽകുകയും 02-01-2024 ന് ഇവ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ് Gem ൽ ലഭ്യമാണ്. Gem ലെയും ACCESS COMPUTERS ലെയും ലാപ്ടോപ്പുകൾ തമ്മിലുള്ള വാങ്ങിയ സമയത്തെ Comparative Statement തയ്യാറാക്കിയിട്ടില്ല. അപാകതൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 2/15.06.24) ലാപ്ടോപ്പുകൾ വാങ്ങുന്ന സമയത്ത് ജെം രജിസ്ട്രേഷൻ എടുത്തിരുന്നില്ല എന്നും എച്ച്.എം.സി ലാബിൽ സോഫ്റ്റ്വെയർ സിസ്റ്റം ആരംഭിച്ചതിനാലുമാണ് ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. Gemൽ ലാപ്ടോപ്പ് ലഭ്യമായിരുന്നിട്ടും ക്വട്ടേഷൻ മുഖേന ലാപ്ടോപ്പുകൾ വാങ്ങിയത് സർക്കാർ ഉത്തരവുകളുടെ

ലംഘനമാണ്. വാങ്ങിയ സമയത്തെ Comparative Statement തയ്യാറാക്കാത്തതിനാൽ Gem ൽ ലഭ്യമായ ലാപ്ടോപ്പിനേക്കാൾ കുറഞ്ഞ വിലക്കാണോ ഇവ വാങ്ങിയത് എന്ന് പരിശോധിക്കാനുമായില്ല . വാങ്ങൽ നടപടിക്രമങ്ങൾ യാതൊന്നും പാലിച്ചില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം സാധനങ്ങൾ വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 മരുന്നുകൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | S0048/24, സി.എച്ച്.സിക്ക് ജീവൻ രക്ഷാ മരുന്നുകൾ വാങ്ങൽ |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് റോഡിതരം - ₹500000/- |
| ചെലവ് | മെയിന്റനൻസ് ഫണ്ട് റോഡിതരം -₹500000/- |
| ബിൽ നമ്പർ/തുക | 1)05/07.06.2023 - ₹369997/-<br>2)10/09.08.2023 - ₹4999/-<br>3)24/10.10.2023 - ₹10101/-<br>4)29/10.10.2023 - ₹13458/-<br>5)42/18.12.2023 - ₹45288/-<br>6)46/09.01.2024 - ₹23818/-<br>7)52/19.01.2024 - ₹9408/-<br>8)58/09.02.2024 - ₹13499/-<br>9)64/11.03.2024 -₹9432/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി ഏഴിക്കര |

പ്രോജക്റ്റ് പ്രകാരം മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡിന് ക്രമ നം. 1-ൽ പറഞ്ഞിരിക്കുന്ന ബിൽ നമ്പർ 05/07.06.2023 പ്രകാരം ₹369997/- നൽകിയിട്ടുണ്ട് (Proforma Invoice NO - PRF305). എന്നാൽ നാളിത് വരെയും താഴെ ചേർത്ത പ്രകാരം ₹221400/-യുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകകൾമാത്രമാണ് ലഭ്യമായത്.

| ഇൻവോയ്സ് നമ്പർ/തീയതി | മരുന്ന് (തുക) |
| --- | --- |
| 16935/22-08-2023 | ₹12730/- |
| 31196/30-03-2024 | ₹5600/- |
| 20681/09-11-2023 | ₹19747/- |
| 13495/20-07-2023 | ₹9632/- |
| 13137/18-07-2023 | ₹3004/- |
| 12952/15-07-2023 | ₹5824/- |
| 11954/07-07-2023 | ₹21952/- |
| 11929/07-07-2023 | ₹51713/- |
| 11937/07-07-2023 | ₹25892/- |
| 14840/31-07-2023 | ₹35840/- |
| 31200/30-03-2024 | ₹252/- |
| 4494/7-05-2024 | ₹6608/- |
| 5967/17-05-2024 | ₹7213/- |
| 5963/17-05-2024 | ₹3199/- |
| 5973/17-05-2024 | ₹602/- |
| 8688/30-05-2024 | ₹11592/- |
| ആകെ | ₹221400/- |

അവശേഷിക്കുന്ന ₹148597/- യുടെ മരുന്നുകളുടെ വിവരം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/15-06-2024) ഇവ നിലവിലും ലഭ്യമായിട്ടില്ലെന്നും ഇവ ലഭ്യമാക്കുന്നതിന് കത്ത് അയച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമായി. മേൽ സൂചിപ്പിച്ച് മരുന്നുകൾ ലഭ്യമാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കുന്നതുവരെ 148597/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 ടി.എ.നൽകിയതിൽ അപാകത.

പറവൂർ ബ്ലോക്ക് പഞ്ചായത്ത് ഡ്രൈവർ ശ്രീ.രാജേഷ് സി.ഡി.ക്ക് ജൂലൈ 2023 മുതൽ ഡിസംബർ 2023 വരെയുള്ള കാലയളവിലെ ടി.എ.ഇനത്തിൽ ₹9330/-, കണ്ടിജന്റ് ബില്ല് നമ്പർ 179/23-24, തീയതി 15/02/2024 (ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നമ്പർ B209/24, തീയതി 15/02/24 നടപടിക്രമം) പ്രകാരം നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്ത് നമ്പർ 2629474/വ്യയം-സി1/104/2023-ധന, തീയതി 15/02/2024 പ്രകാരം ഡ്രൈവർമാർ ദൈനംദിന ജോലിയുടെ ഭാഗമായി വാഹനം ഓടിക്കുമ്പോൾ യാത്രബത്ത അനുവദനീയമല്ല എന്നും ഹാൾട്ട് വരുന്ന അവസരത്തിൽ യാത്രബത്ത, ദിനബത്ത എന്നിവ കെ.എസ്.ആർ.ഭാഗം 8 -ലെ ചട്ടങ്ങൾ അനുസരിച്ച് നൽകാം എന്ന് പറയുന്നു. ആയതിനാൽ ₹9330/- തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 10, തീ. 19.06.2024 ന് മറുപടി ലഭിച്ചില്ല.

## 1-17 കുട്ടികൾക്കുള്ള അത്‌ലറ്റിക് പരിശീലനവും കായിക ക്ഷമതാ പരിശീലനവും ഉപകരണങ്ങൾ വാങ്ങലും അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0025/24 |
| പ്രോജക്ട് പേര് | കുട്ടികൾക്കുള്ള അത്‌ലറ്റിക് പരിശീലനവും കായിക ക്ഷമതാ പരിശീലനവും ഉപകരണങ്ങൾ വാങ്ങലും |
| അടങ്കൽ | ₹345389/- (പൊതുവിഭാഗം സാധാരണ വിഹിതം) |
| ചെലവ് | ₹345000/-<br>(BRN 231103630178 0164194 DATED 03/02/24,₹45000)<br>(BRN 231103630178 0198118 DATED 09/02/24,₹86925)<br>(BRN 231103630178 01486888 DATED 24/03/24,₹180000)<br>(BRN 231103630178 01486953 DATED 24/03/24,₹33075) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ കുട്ടികൾക്കുള്ള അത്‌ലറ്റിക് പരിശീലനവും കായിക ക്ഷമതാ പരിശീലനവും ഉപകരണങ്ങൾ വാങ്ങലും പ്രോജക്ടിൽ (സെക്രട്ടറിയുടെ) കത്ത് നമ്പർ

സി. 25തീ.04/03/24 പ്രകാരം ഓരോ പരിശീലകരും ഒരു ദിവസം ഒരു സ്കൂളിൽ മൂന്ന് മണിക്കൂർ എങ്കിലും കുട്ടികൾക്ക് പരിശീലനം നൽകണം എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ തെരെഞ്ഞെടുക്കപ്പെട്ട നാല് പരിശീലകരും ആഴ്ചയിൽ ഒരു ദിവസം മാത്രമാണ് ഒരു സ്കൂളിൽ ഡ്യൂട്ടിക്ക് ഹാജരായത് എന്ന് ഫയൽ പരിശോധനയിൽ കാണുന്നു.

പ്രോജക്ട് വിഭാവനം ചെയ്തിരുന്നത് കായിക ക്ഷമതാ പരിശീലന ഉപകരണങ്ങൾ വാങ്ങൽ എന്നു കൂടിയാണ്. എന്നാൽ പരിശീലന ഉപകരണങ്ങൾ ഒന്നും തന്നെ വാങ്ങിയില്ല. ഉപകരണങ്ങൾ ഇല്ലാത്ത സാധാരണ കായിക പരിശീലനമാണ് നൽകിയത്. തുക അനുവദിച്ചത് പരിശീലകർക്ക് ഹോണറേറിയം നൽകുവാൻ മാത്രമാണ്. ഇതു സംബന്ധമായി 18.06.2024 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5 ന് മറുപടിയായി ആഴ്ച്ചയിൽ 1 ദിവസം മാത്രമേ ഒരു സ്കൂളിൽ പരിശീലനം നൽകുവാൻ സാധിക്കുള്ളു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രോജക്ട് മാർഗ്ഗ ലംഘനമായതിനാൽ അംഗീകരിക്കുന്നില്ല. പരാമർശത്തിന് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## <u>1-18 പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ</u>

2023-24 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ എസ്.സി വിദ്യാത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 59/24, 116/24 |
| പ്രോജക്ടിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | 36,75,000 (എസ്.സി.പി) |
| ചെലവ് | 18,10,000 (എസ്.സി.പി)<br>6,60,000 (ക്യൂ ബിൽ)<br>ആകെ- 24,70,000/- |
| ബിൽ നം / തീയതി, തുക | 214, 04.12.2023 - 60,000/-<br>222, 08.12.2023 - 60,000/-<br>223, 08.12.2023 - 60,000/-<br>224, 08.12.2023 - 30,000/-<br>225, 08.12.2023 - 30,000/- |

| | |
|---|---|
| | 243, 20.12.2023 - 60,000/-<br>248, 23.12.23 - 60000/-<br>249, 23.12.2023 - 30,000/-<br>255, 03.01.2024 - 60,000/-<br>256, 03.01.2024 - 60,000/-<br>257, 03.01.2024 - 60,000/-<br>258, 03.01.2024 - 30,000/-<br>263, 03.01.2024 - 60,000/-<br>264, 03.01.2024 - 60,000/-<br>271, 05.01.2024 - 30,000/-<br>286, 12.01.2024 - 60,000/-<br>391, 01.03.2024 - 4,00,000/-<br>459, 26.03.2024 - 2,40,000/-<br>458, 26.03.2024 - 3,00,000/-<br>460, 26.03.2024 - 80,000/-<br>476, 26.03.2024 - 4,00,000/-<br>477, 26.03.2024 - 2,40,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

മേൽ പ്രോജക്റ്റുകൾ പ്രകാരം 15 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. (14 പേർക്ക് മൂന്ന് ഗഡുക്കളായി 1,70,000/- രൂപയും, ഒരാൾക്ക് രണ്ട് ഗഡുക്കളായി 90,000/- രൂപ) എന്നാൽ പ്രസ്തുത ഗുണഭോക്താക്കൾ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല. നിലവിൽ ടി ഗുണഭോക്താക്കൾ പഠനമുറിയുടെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 18.06.2024 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമസഭാ ലിസ്റ്റ് ലഭിക്കാൻ ഉണ്ടായ കാലതാമസവും ഫണ്ടിന്റെ ലഭ്യത കുറവുമാണ് പഠനമുറി പൂർത്തിയാക്കാൻ കാലതാമസം നേരിട്ടത് എന്ന് അറിയിച്ചിട്ടുണ്ട്. പഠനമുറി നിർമ്മാണം പൂർത്തിയാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**<u>1-19 പകൽ വീട്-വൃദ്ധസദനം നവീകരണം-അപാകതകൾ</u>**

| | |
|---|---|
| പ്രോജക്ട് നമ്പർ ,പേര് | 135/2023-24, പകൽ വീട്-വൃദ്ധസദനം നവീകരണം |
| അടങ്കൽ | 500000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| എം.ബുക്ക് | 10847/23-5-1/RE 1 |
| ചെലവ് വിവരം | 481937 |
| ബിൽ നമ്പർ/തീയതി | BRN-23110363017100441844/14.08.2023 |
| കരാറുകാരൻ | വിജു ഫ്രാൻസിസ് |

2010- 11 കാലഘട്ടത്തിൽ പണി പൂർത്തിയാക്കിയ പകൽ വീടിന്റെ നവീകരണം എന്ന പ്രവൃത്തിയിൽ കേടുപാടുകൾ സംഭവിച്ച ഭിത്തികളിൽ സിമന്റ് പ്ലാസ്റ്ററിംഗ്,പെയിന്റിംഗ് അലൂമിനിയം ജനൽ മാറ്റി മരത്തിന്റെ ജനൽ വെക്കുന്നത്, മുൻവശം ടൈൽ വിരിക്കൽ ,പ്ലംബിംഗ് തുടങ്ങിയ പ്രവൃത്തിയാണ് എസ്റ്റിമേറ്റ് പ്രകാരം ചെയ്തത്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ജനറൽ മിനിറ്റ്സ് പരിശോധിച്ചതിൽ 13.02.2023 ൽ ബഹു. പ്രസിഡന്റ്. ശ്രീമതി സിംന സന്തോഷ് പകൽ വീട് അറ്റകുറ്റപണികൾ നടത്തിയതിലെ അപാകതകൾ സംബന്ധിച്ച് ചോദ്യം ഉന്നയിച്ചതായി കണ്ടു. അതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയതിൽ മേൽ കെട്ടിടത്തിൽ ചെയ്ത പ്രവൃത്തികളിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) കെട്ടിടത്തിലെ ഇലക്ട്രിക്ക് വയറിംഗ്, സ്വിച്ച് മുതലായ ഉപകരണങ്ങൾ പ്രവർത്തന യോഗ്യമല്ല. എസ്റ്റിമേറ്റിൽ ഈ പ്രവൃത്തികൾക്ക് മുൻഗണന നൽകാതെ പെയിന്റിംഗ്, ടൈൽ വിരിക്കൽ മുതലായ പ്രവൃത്തികൾക്കാണ് മുൻഗണന നൽകിയിരിക്കുന്നത്.

2) കെട്ടിടത്തിന്റെ മേൽക്കൂരയുടെ ട്രെസ് വർക്ക് നടത്തിയിട്ടുള്ള ഭാഗത്തെ ഇരുമ്പ് ഷീറ്റുകളിൽ ചോർച്ച ഉള്ളതായി കണ്ടിരുന്നു. എസ്റ്റിമേറ്റിൽ മെയിന്റനൻസിന് യാതൊരു പ്രൊവിഷനും ഉണ്ടായിരുന്നില്ല.

3) ഭിത്തികളിൽ വിവിധ ഇടങ്ങളിൽ പെയിന്റ് ഇളകി പോയതായി കണ്ടിരുന്നു. വിലകുറഞ്ഞതും ഗുണ നിലവാരം ഇല്ലാത്ത പെയിന്റ് ഉപയോഗിച്ചാണ് പ്രവൃത്തി നടത്തിയതെന്ന് ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിരുന്നു.

4) കെട്ടിടത്തിന്റെ മുൻവശത്തുള്ള ഗ്രില്ലിന്റെ വാതിൽ തുറക്കുവാൻ സാധിക്കാത്ത വിധം തുരുമ്പ് പിടിച്ചിരിക്കുന്നതായി കണ്ടു.

മേൽ പ്രവൃത്തിയുമായി ചെലവഴിച്ച തുകയിൽ പെയിന്റിംഗിനായി ചെലവഴിച്ച തുക തിരികെ ഈടാക്കുകയോ അല്ലായെങ്കിൽ കരാറുകാരെ കൊണ്ട് റീപെയിന്റിംഗ് നടത്തുകയോ ചെയ്യേണ്ടതാണ്.

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൃത്യമായ മോണിറ്ററിംഗ് നിർവ്വഹണ ഉദ്യോഗസ്ഥർ നടത്താത്തതുമൂലമാണ് പ്രവൃത്തിയിൽ വീഴ്ച സംഭവിക്കാനിടയായത്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതും, ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം/തീയതി |
|---|---|---|
| 2023-24 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2023-24 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2023-24 | 43,000 | പി.എം.എ.വൈ (General) | 43,000 | **0** |
| ജില്ലാപഞ്ചായത്ത് | 2023-24 | 43,000 | പി.എം.എ.വൈ (SCP) | 43,000 | 0 |
| ഗ്രാമപഞ്ചായത്ത് | 2023-24 | 1,00,000 | പി.എം.എ.വൈ (SCP) | 1,00,000 | 0 |

**4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ**

ഇല്ല

**4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്**

ഇല്ല

**4-5 വായ്പ/ വായ്പ തിരിച്ചടവ്**

ഇല്ല

**4-6 സ്ഥിരനിക്ഷേപങ്ങൾ**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

ഇല്ല

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,35,66,055 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,41,66,883 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 240427 |

**(ബി). <u>ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല.

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 45000 | ശ്രീമതി.പ്രതീക്ഷ പി.വി, സെക്രട്ടറി |
| 1-15 | 148597 | ഡോ. പ്രീതി ബി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ഏഴിക്കര |
| 1-13 | 37500 | ശ്രീ.ശശി മേനോൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 1-16 | 9330 | ശ്രീമതി. പ്രതീക്ഷ പി വി, സെക്രട്ടറി |
| ആകെ | 240427 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.പ്രതീക്ഷ പി.വി., സെക്രട്ടറി | പറവൂർ ബ്ലോക്ക് പഞ്ചായത്ത് | പ്രതീക്ഷ, കൈതാരം പി. ഒ, നോർത്ത് പറവൂർ |

| | | |
|---|---|---|
| ശ്രീ.ശശി മേനോൻ,<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ | പറവൂർ ബ്ലോക്ക് പഞ്ചായത്ത് | ഉണ്ണിപ്പറമ്പത്ത് തറയിൽ,<br>ഇടവിലങ്ങ്, കൊടുങ്ങല്ലൂർ. |
| ഡോ. പ്രീതി ബി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ഏഴിക്കര | മെഡിക്കൽ ഓഫീസർ, (ഇൻ ചാർജ് ), സി.എച്ച്.സി, മലയിടംത്തുരുത്ത് | 1-12ശ്രീപാദം വീട് നം. 32, ഗ്രീൻലാന്റ് ഹിൽ ടോപ്പ് വില്ലാ, ഓണംകുളം, വെങ്ങോല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2002-03 | കെ.എസ്.എ.-ഇ.കെ.എം (ബി.പി)1310/2019 തീ.03.10.2019 |
| 2014-15 & 2015-16 | കെ.എസ്.എ.-ഇ.കെ.എം (ബി.പി)1310/2019 തീ.03.10.2019 |
| 2017-18 | കെ.എസ്.എ.-ഇകെഎം (ബി.പി)256/2019 തീ.11.07.2019 |
| 2018-19 | കെ.എസ്.എ.-ഇകെഎം (ബി.പി)1688/2019 തീ.16.11.2019 |
| 2019-20 | കെ.എസ്.എ.-ഇകെഎം (ബി.പി)957/2020 തീ.10.08.2021 |
| 2020-21 | കെ.എസ്.എ.-ഇകെഎം (ബി.പി)551/2022 തീ.03.07.2022 |
| 2021-22 | കെ.എസ്.എ.-ഇകെഎം(ബി.പി)1931/22 തീ.31.12.2022 |
| 2022-23 | കെ.എസ്.എ.-ഇകെഎം(ബി.പി)1004/23 തീ.07.09.2023 |

# Annexure-1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 25-05-2024 and submitted on 25-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Paravur Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to

the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Paravur Block Panchayat as on 31-03-2024

**Date: 21/08/2024** **Joint Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Paravur Block Panchayat for the Year 2023-2024.

### 1.Major Observations

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Budget rules adversely affecting budgetary control system.

3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

## 2.Other Observations

1. Certain Grant Expenditures shown in the AFS are mismatch with ACR amount.
2. The mandatory financial statement –ratios prescribed in accounting rules are not submitted for audit alongwith the AFS.
3. Cash Flow statement –Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.
4. The mandatory financial statement –ratios prescribed in accounting rules are not submitted for audit alongwith the AFS.

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്